# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 327 | 17.12.2015-ലെ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി ബിൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ.എം.എ.ബേബി<br>,, എം.ചന്ദ്രൻ<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | ചരക്ക് സേവന നികുതി ബില്ലിലെ നിർദ്ദേശങ്ങളിൽ, ഏതെങ്കിലും കാര്യങ്ങളിൽ കേന്ദ്രവും സംസ്ഥാനവുമായി തർക്കങ്ങൾ നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) | 1. ചരക്ക് സേവന നികുതിയെ സംബന്ധിച്ച ഭരണ ഘടന ഭേദഗതി ബിൽ പാർലമെന്റിന്റെ പരിഗണനയിലാണ്. ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനത്ത് നികുതി ലഭ്യമാകുന്ന സമ്പ്രദായമായതിനാൽ ഭീമമായ നികുതി നഷ്ടം ഉണ്ടാകുമെന്ന് ഉത്പാദക സംസ്ഥാനങ്ങൾക്ക് ആശങ്കയുണ്ട്. ഇതിനു പരിഹാരമായി അന്തർ സംസ്ഥാന ചരക്ക് കൈമാറ്റങ്ങൾക്ക് രണ്ട് കൊല്ലത്തേക്ക് ഒരു ശതമാനം അധിക നികുതി ഈടാക്കാവുന്നതാണ്. എന്നാൽ ഇത് നികുതിക്ക്മേൽ നികുതി എന്ന അവസ്ഥ സംജാതമാക്കും. ഇത് ചരക്ക് സേവന നികുതിയുടെ പ്രാഥമിക തത്വത്തിന് തന്നെ വിരുദ്ധമാണ്. കേരളം ഇതിനെ എതിർക്കുന്നു.<br>2. ഇപ്പോഴത്തെ ഭരണഘടനാ ഭേദഗതി ബിൽ പ്രകാരം പെട്രോളിയം ഉത്പന്നങ്ങൾക്കുമേലുള്ള നികുതിയും ചരക്ക് സേവന നികുതിയിൽ ലയിപ്പിക്കുന്നതാണ്. റീഫൈനറികളുടെ വികസനത്തിനു വേണ്ടി പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ച |
| (ബി) | ജനങ്ങളുടെ താൽപര്യങ്ങളെ മുൻനിർത്തി എന്തെങ്കിലും ആവശ്യങ്ങൾ സർക്കാർ മുന്നോട്ട് വയ്ക്കുകയുണ്ടായോ ; | | |

| | | | |
|---|---|---|---|
| | | | കേരളം പോലൊരു സംസ്ഥാനത്തെ അധിക ഉത്പാദനം മുഖ്യമായും അന്തർ സംസ്ഥാന വില്പനയാകാനാണ് സാദ്ധ്യത. ആദ്യത്തെ രണ്ട് കൊല്ലം ഇവയുടെ നികുതി പൂജ്യം ശതമാനമായി നിർത്തി സംസ്ഥാനങ്ങൾക്ക് നിലവിലുള്ള നികുതി ഈടാക്കാമെന്ന ഒരു നിർദ്ദേശം നിലവിലുണ്ട്. ഇത്തരം വിൽപനയിന്മേലുള്ള നികുതി എപ്രകാരം ആയിരിക്കണം എന്ന് വ്യക്തമാക്കേണ്ടതാണ്.<br>3. ജി.എസ്.ടി കൗൺസിലിൽ കേന്ദ്ര ധനകാര്യമന്ത്രിയും സംസ്ഥാന ധനകാര്യമന്ത്രിമാരും അംഗങ്ങളാണ്. മൊത്തം വോട്ടിന്റെ വെയിറ്റേജിൽ മൂന്നിലൊന്ന് ശതമാനം കേന്ദ്രത്തിനാണ്. സംസ്ഥാനങ്ങളുടെ വോട്ടിംഗ് ശതമാനം വർദ്ധിപ്പിക്കുന്നതിനു കേന്ദ്രത്തിന്റെ വോട്ടിംഗ് വെയിറ്റേജ് നാലിലൊന്നായി കുറയ്ക്കണം എന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.<br>4. വാതുവെയ്പ്, ചൂതാട്ടം പോലുള്ള പ്രവൃത്തികൾ ചരക്ക് സേവന നികുതിയിൽ ഉൾപ്പെടുത്തുമ്പോൾ അധിക നികുതി ചുമത്തുന്നതിനുള്ള അധികാരം സംസ്ഥാനത്തിനും കൂടി നൽകേണ്ടതാണെന്നാണ് സംസ്ഥാനത്തിന്റെ ആവശ്യം.<br>5. ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന നികുതി നഷ്ടത്തെ സംബന്ധിച്ച് ആദ്യത്തെ അഞ്ച് വർഷത്തെ നികുതി നഷ്ടം കേന്ദ്രം പൂർണ്ണമായും പരിഹരിക്കണം എന്നതാണ് സംസ്ഥാനത്തിന്റെ നിലപാട്.<br>6. ചരക്ക് സേവന നികുതി സംവിധാനത്തിന്റെ അടിസ്ഥാനമായ പ്രാപ്യസ്ഥാനാധിഷ്ഠിത തത്ത്വം |

| | | | |
|---|---|---|---|
| | | | ഭരണഘടന ഭേദഗതി ബില്ലിൽ തന്നെ ഉൾപ്പെടുത്തണം എന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഉന്നതാധികാര സമിതി യോഗത്തിൽ സംസ്ഥാനം എന്തെല്ലാം കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്; ഇക്കാര്യത്തിൽ കേന്ദ്ര നിലപാടുകൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ; | | സംസ്ഥാന ധനകാര്യ മന്ത്രിമാർ, കേന്ദ്ര ധനകാര്യ വകുപ്പ്, സി.ബി.ഇ.സി തുടങ്ങിയവർ ഉൾപ്പെട്ട ഉന്നതാധികാര സമിതിയിൽ ജി.എസ്.ടിയെ സംബന്ധിച്ച ചർച്ചകൾ പുരോഗമിച്ച് വരുന്നു. കേന്ദ്ര സംസ്ഥാന ചർച്ചകളേക്കാൾ ചരക്ക്സേവന നികുതി സമ്പ്രദായത്തെ സംബന്ധിച്ച പൊതു വിഷയങ്ങൾക്കാണ് ഈ ചർച്ചകളിൽ പ്രാധാന്യം നൽകിയിരിക്കുന്നത്. |
| (ഡി) | കോർപ്പറേറ്റുകളുടെ ആവശ്യങ്ങൾക്ക് വഴങ്ങിയുള്ള കേന്ദ്ര സർക്കാരിന്റെ നിലപാട് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | | ചരക്ക് സേവന നികുതി നിയമം അന്തിമ രൂപത്തിലായിട്ടില്ല. ഇതിനെ സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നതേയുള്ളൂ. |
| (ഇ) | ചരക്ക് സേവന നികുതി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; | | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാന തത്ത്വാധിഷ്ഠിതമാണ്. പ്രാപ്യസ്ഥാന തത്ത്വാധിഷ്ഠിത നിയമമായതിനാൽ തന്നെ കേരളത്തെ പോലുള്ള ഉപഭോക്തൃ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന് ഇത് ഗുണകരമാണ്. കൂടാതെ കേരളത്തിന്റെ സാമ്പത്തിക രംഗം പ്രധാനമായും സേവന മേഖലയിലധിഷ്ഠിതമാണ്. ജി.എസ്.ടി സംവിധാനത്തിൽ സേവന മേഖലയിൻമേൽ നികുതി ചുമത്താൻ സംസ്ഥാനങ്ങൾക്ക് അധികാരം ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (എഫ്) | സ്വതന്ത്ര തർക്ക പരിഹാര സംവിധാനം സംബന്ധിച്ച വിഷയത്തിലെ സംസ്ഥാനത്തിന്റെ നിലപാട് എന്താണ്? | | കേന്ദ്രത്തിനും വിവിധ സംസ്ഥാനങ്ങൾക്കിടയിലും ഉള്ള തർക്കങ്ങളിൽ തീരുമാനമെടുക്കുന്നത് ജി.എസ്.ടി കൗൺസിലാണ്. അതിനാൽ പ്രത്യേക സ്വതന്ത്ര തർക്ക പരിഹാര സംവിധാനം ആവശ്യമില്ല എന്നാണ് കേരളത്തിന്റെ നിലപാട്. |

**സെക്ഷൻ ഓഫീസർ**